ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പരമ്പരാഗതമായി മെറേൺ ണിറ്റി പ്രവത്തിയിൽ ഏർപ്പെട്ടിട്ടുള്ള ചില സമുദായങ്ങളം കേരളത്തിലുണ്ട്. പ്രത്യേകിച്ചും മലബാറിലെ വള്ളുവർ തുടങ്ങിയ സമുദായത്തിലെ സ്ത്രീകളം പരമ്പരാഗതമായി ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. അവക്ക് പ്രത്യേക പരിശീലനം കൊടുത്തു മിഡ്വൈഫ്കളായി നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ? പ്രത്യേകിച്ചും ഇന്നുള്ള മിഡ്വൈഫ്കളുടെ എണ്ണത്തിന്റെ കുറവു നികത്തുന്നതിനുവേണ്ടി ധേവായി ഈ കാര്യം പരിഗണിക്കുമോ ?

ശ്രീ. എം., പി ഗോവിന്ദൻ നായർ : ഇതിന്റെ ടെയിനിംഗിനു് ആളുകളെ തിരഞ്ഞെടുക്കുന്നതു് പി. എസ്. സി. യാണു്. മിഡ്വൈഫറി ടെയിനിംഗിനുവേണ്ടി ഒരു മിനിമം സ്റ്റാൻഡേർഡു വച്ചിട്ടുണ്ടു്. ആ സ്റ്റാൻഡേർഡുള്ളവരെ മാത്രമേ തിരഞ്ഞെടുക്കുകയുള്ള. ഈ പറഞ്ഞ പ്രത്യേക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അവക്കു് പരിഗണന ലഭിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : മെറേൺണിറ്റി അസിസ്റ്റൻറിനു് ടെയിനിംഗു് കൊടുക്കുന്നതിനു് പല സ്ഥലത്തും ഇന്നു സ്ഥാപനങ്ങളം കാണുന്നുണ്ടു്. ആശുപത്രി സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളുമുണ്ടു്. ഉദാഹരണമായി ഷൊർണ്ണൂറിൽ ഇതുപോലെയൊരു സ്കൂം നടത്തുന്നുണ്ടെന്നു അറിയുന്നു. അവിടെ നിന്നും ആളുകം പാസ്സായി പുറത്തുവരുന്നുണ്ടെന്നും കേൾക്കുന്നു. ഇത്തരം ആംക്കാക്കു് രജിസ്ട്രേഷൻ കൊടുക്കുന്നുണ്ടോ? ഇത്തരം ഇൻസ്റ്റിറ്റ്യൂഷൻ റക്കു്ഗ്നൈസ്ഡു് ആണോ? ആണെങ്കിൽ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു് ഇത്തരം സ്ഥാപനങ്ങംക്കു് റെക്കഗ്നിഷൻ കൊടുക്കുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോം റെക്കഗ്നൈസ്ഡു് ടെയിനിംഗു് സ്ഥാപനങ്ങളുടെ ഒരു ലിസ്റ്റു എന്റെ കൈവശമുണ്ടു്. അതിന്റെയകത്തു ഷൊർണ്ണൂറിൽ ഇങ്ങനെയൊരു സ്ഥാപനമുള്ളതായി കാണുന്നില്ല.

Mr Speaker : Question No 15 need not be answered. An identical question has already been answered.

മെഡിക്കൽ കാളേജുകം.

* 690. [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങംക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ മെഡിക്കൽ കാളേജുകളിൽ വർഷംതോറും പ്രവേശിപ്പിക്കുന്ന വിദ്യാത്ഥികളുടെ എണ്ണമെത്ര ;

(ബി) ഓരോ വർഷവും ഈ വിദ്യാത്ഥികം കൊടുക്കേണ്ടുന്ന ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസുമെത്ര ;

(സി) ഗവണ്മെൻറു കാളേജുകളിൽ വസൂലാക്കുന്നതിൽനിന്നു വ്യത്യസ്തമായി ആലപ്പുഴ മെഡിക്കൽ കാളേജിൽ ഫീസു വസൂലാക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആലപ്പുഴയിൽ വർഷം പ്രതി വസൂലാക്കുന്നതിന്റെ തോതെത്ര ;

(ഈ) വ്യത്യസ്തതോതിൽ ഫീസു വസൂലാക്കുന്നതിനെ സംബന്ധിച്ചു അവിടത്തെ വിദ്യാത്ഥികം എടുത്തുവരുന്ന നടപടികളെ ഏതു വിധത്തിൽ നേരിടാനാണു് ഗവണ്മെൻറു് ഉദ്ദേശിച്ചിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : 'എ' യ്ക്ക് മാത്രം ഉത്തരം പറഞ്ഞാൽ മതി.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 485.

തിരുവനന്തപുരം	185.
കോഴിക്കോട്	180.
കോട്ടയം	60.
ആലപ്പുഴ (പ്രൈവറ്റ്)	60.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ആലപ്പുഴ മെഡിക്കൽ കോളേജിൽ മാർക്കിന്റെ കുറവു കാരണം കുറെ വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് ചേർക്കാതെ വെളിയിൽ നിറുത്തിയിരിക്കുകയാണ്. റൂൾ (61) അനുസരിച്ച് ശ്രീ. അച്യുതമേനോൻ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മുഖ്യമന്ത്രി മറുപടി പറഞ്ഞു. അക്കൂട്ടത്തിൽ മണിപ്പാൽ കോളേജിലൊക്കെ 45 ശതമാനം മാർക്കുള്ള വിദ്യാർത്ഥികളെ ക്ലാസ്സിൽ ചേർക്കുമെന്നു പറഞ്ഞു. ഒരു വിദ്യാർത്ഥിയിൽ നിന്ന് പല ഇനങ്ങളിലായി അയ്യായിരം മുതൽ പതിനായിരം രൂപ വരെ കോളേജധികൃതർ വാങ്ങുന്നുണ്ട്. ആ നിലയ്ക്ക് യൂണിവേഴ്സിറ്റിയുമായി ആലോചിച്ച് ഈ വിദ്യാർത്ഥികൾക്കുകൂടി പ്രവേശനം കൊടുക്കുന്നതിനും വേണ്ട നടപടികളും യൂണിവേഴ്സിറ്റിയെക്കൊണ്ട് എടുപ്പിക്കുന്നതിനും ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ കാര്യം മുൻപു ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ഇതിനെ സംബന്ധിച്ച് ഒരു തീരുമാനം ചെയ്യേണ്ടതു് യൂണിവേഴ്സിറ്റിയാണ്. നമ്മുടെ അഭിപ്രായഗതി യൂണിവേഴ്സിറ്റിയെ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി വേണ്ട നടപടിയെടുക്കുമെന്നാണ് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നതു്.

കേരള നദീജലക്കാര്യം

* 691. [17] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നദീജലക്കാര്യം സംബന്ധിച്ച് മദിരാശി ഗവണ്മെന്റുമായി ചർച്ച നടത്തി തീരുമാനത്തിലെത്തിയോ ;

(ബി) ഇതു സംബന്ധിച്ചു കേരളം സന്ദർശിച്ച മദിരാശിയിലെ എഞ്ചിനീയർമാർ മദിരാശി ഗവണ്മെന്റിനു സമർപ്പിച്ച റിപ്പോർട്ട് ഇവിടെ കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ അതു മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) അതിലെ പ്രധാന ഉള്ളടക്കങ്ങൾ വെളിപ്പെടുത്താമോ ;

(ഈ) ഇതുസംബന്ധിച്ച് ഈ സ്റ്റേറ്റിലെ എഞ്ചിനീയർമാരുടെ റിപ്പോർട്ടു വാങ്ങിയിട്ടുണ്ടോ; എങ്കിൽ അതിലെ ഉള്ളടക്കം എന്തൊക്കെയാണ്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ചർച്ച നടത്തി. പക്ഷേ തീരുമാനമൊന്നുമായിട്ടില്ല.

(ബി) അതിനെ സംബന്ധിച്ച് മദിരാശി ഗവണ്മെന്റ് ചില റിപ്പോർട്ടുകൾ അയച്ചുതന്നിട്ടുണ്ട്.

(സി, ഡി) മദിരാശി ഗവണ്മെന്റ് അയച്ചുതന്ന റിപ്പോർട്ടുകൾ സംസ്ഥാനത്തിലെ എൻജിനീയർമാർ പരിശോധിച്ചുവരുന്നതേയുള്ളൂ. റിപ്പോർട്ടുകൾ ഈ സന്ദർഭത്തിൽ വെളിപ്പെടുത്തുന്നതു് ശരിയായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly